# Malayala Manorama

## 20 August 2018

## Kochi, Flood, Job Loss, Other State Workers Return

# തൊഴിൽ നഷ്ടം: ഇതര സംസ്ഥാന തൊഴിലാളികൾ മടങ്ങുന്നു

### എറണാകുളം റെയിൽവേ സ്റ്റേഷനിൽ വൻ തിരക്ക്

കൊച്ചി ● ഇതര സംസ്ഥാന തൊഴിലാളികൾ കൂട്ടമായി കേരളം വിടുന്നു. കോട്ടയം, ഇടുക്കി, എറണാകുളം ജില്ലകളിൽ ജോലി ചെയ്തിരുന്നവരാണു സ്വന്തം ഗ്രാമങ്ങളിലേക്കു മടങ്ങുന്നത്. വെള്ളപ്പൊക്കം മൂലം ജോലി നഷ്ടപ്പെട്ടതിനാൽ എങ്ങനെയും നാട്ടിലെത്തുക എന്ന ലക്ഷ്യത്തോടെയാണ് ഇവർ കൂട്ടത്തോടെ എറണാകുളം സൗത്ത് സ്റ്റേഷനിൽ തമ്പടിച്ചിരിക്കുന്നത്.

കിട്ടുന്ന ട്രെയിനുകളിൽ കയറിപ്പറ്റാനുള്ള ഇടിയാണു സ്റ്റേഷനിൽ. കോട്ടയം ജില്ലയിൽ നിന്നുള്ള വിവിധ കോളജുകൾ അടച്ചതോടെ മലബാർ ഭാഗത്തേക്കു പോകേണ്ട വിദ്യാർഥികളും സംഘമായി എറണാകുളത്തേക്കു വരുന്നുണ്ട്.

കേരളത്തിൽ തുടരുന്നതിൽ അർഥമില്ലെന്നു പട്ന സ്വദേശിയായ രാജു പറഞ്ഞു. തൊഴിലുടമയുടെ വീട് വെള്ളത്തിൽ മുങ്ങിയതിനാൽ ജോലി ചെയ്തതിന്റെ പണം പോലും വാങ്ങാതെയാണു രാജു തിരികെ പോകുന്നത്.

കൊച്ചിയിലെത്തിയ ശേഷം എടിഎമ്മിൽ നിന്നു സുഹൃത്ത് എടുത്തു നൽകിയ പണവുമായാണു രാജു സ്റ്റേഷനിലെത്തിയത്. ചെന്നൈയിൽ നിന്നു പട്നയ്ക്കു ട്രെയിൻ കാണുമെന്ന ധൈര്യത്തിലാണ് യാത്ര. വെള്ളപ്പൊക്കം തൊഴിലാളികൾക്കിടയിൽ വൻ പരിഭ്രാന്തിയാണു സൃഷ്ടിച്ചിരിക്കുന്നത്. പല സ്ഥലത്തും ഒരു മാസം കഴിഞ്ഞു വന്നാൽ മതിയെന്നു തൊഴിലുടമകൾ നിർദേശിച്ചുവെന്നു പറയുന്നു. എന്നാൽ, വെള്ളം ഇറങ്ങിയാലും ദീപാവലി ആഘോഷങ്ങൾ കഴിഞ്ഞേ തൊഴിലാളികൾ മടങ്ങിയെത്തുകയുള്ളൂ. ചിലർ തിരിച്ചു വരുന്നതിനെ കുറിച്ച് ഇപ്പോൾ ആലോചിക്കുന്നില്ല. പെരുമ്പാവൂരിലെ ഇതര സംസ്ഥാന ക്യാംപുകൾ പലതും അടച്ചതോടെ കൂട്ടമായാണു തൊഴിലാളികൾ സ്റ്റേഷനിൽ എത്തിക്കൊണ്ടിരിക്കുന്നത്. അങ്കമാലി, ആലുവ സ്റ്റേഷനുകളിൽ കുടുങ്ങിയവരും എറണാകുളത്തേക്കു പോയതായി അങ്കമാലി സ്റ്റേഷൻ മാസ്റ്റർ മോഹൻദാസ് പറഞ്ഞു.

രണ്ടു ദിവസങ്ങളിലായി സ്റ്റേഷനിൽ അഭയം തേടിയെത്തിയ പതിനായിരത്തിലധികം പേർക്കു മലബാർ കൾച്ചറൽ സെന്റർ സൗജന്യമായി ഭക്ഷണം വിതരണം ചെയ്തു. ഭക്ഷണത്തിനായി രാത്രി വൈകിയും നീണ്ട വരിയായിരുന്നു. നെയ്ച്ചോർ, പരിപ്പു കറി, ചപ്പാത്തി, വെജിറ്റബിൾ കറി എന്നിവയാണു വിതരണം ചെയ്തത്. നഗരത്തിലെ പല ഹോട്ടലുകളും അവരുടെ അടുക്കള തങ്ങൾക്കു വിട്ടു നൽകിയതായി കൾച്ചറൽ സെന്റർ ജന. സെക്രട്ടറി മുഹമ്മദ് കമ്റാൻ പറഞ്ഞു. തൻവീർ, അനീഷ്, സക്കറിയ എന്നിവരുടെ നേതൃത്വത്തിലായിരുന്നു വിതരണം. ഇതര സംസ്ഥാന തൊഴിലാളികൾ മൂന്നും നാലും തവണ ചപ്പാത്തി വാങ്ങി ബാഗുകളിലാക്കി. യാത്രയിൽ കഴിക്കാനായി ശേഖരിച്ചു.

ഇന്നലെ എറണാകുളത്തു നിന്നുണ്ടായിരുന്ന രണ്ടു ചെന്നൈ സ്പെഷലുകൾ അടിയന്തര സാഹചര്യം കണക്കിലെടുത്ത് അവസാന നിമിഷം ഹൗറയിലേക്ക് ഓടിച്ചു. ശനി രാത്രി 9.30ന് ചെന്നൈയിലേക്ക് ഒരു ട്രെയിനോടിച്ചിരുന്നു. 11.40 ന്റെ ഗുരുവായൂർ ചെന്നൈയും നിറഞ്ഞു പോയെങ്കിലും വീണ്ടും ആയിരങ്ങളാണു സ്റ്റേഷനിലുണ്ടായിരുന്നത്. ഇവർക്കായി പുലർച്ചെ രണ്ടു മണിക്കു മറ്റൊരു ചെന്നൈ സ്പെഷലും ഒടിച്ചു.

സ്റ്റേഷൻ മാസ്റ്ററുടെ മുറി കൺട്രോൾ റൂമാക്കി മാറ്റിയായിരുന്നു റെയിൽവേയുടെ പ്രവർത്തനം. ഏരിയാ മാനേജർ ആർ. ഹരികൃഷ്ണൻ, ട്രാഫിക് ഇൻസ്പെക്ടർ കെ.പി.ബി. പണിക്കർ, കൊമേഴ്സ്യൽ ഇൻസ്പെക്ടർ അരുൺ തുടങ്ങിയവരുടെ നേതൃത്വത്തിലാണു പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചത്.

സ്റ്റേഷനുകൾ അഭയാർഥി കേന്ദ്രങ്ങളായി മാറിയിരിക്കയാണെന്നും യാത്രക്കാർക്കു വേണ്ട എല്ലാ സഹായങ്ങളും റെയിൽവേ ഒരുക്കുമെന്നും ഡിആർഎം സിരീഷ് കുമാർ സിൻഹ മനോരമയോടു പറഞ്ഞു.